


# Jubilee

Vol. 4, Issue 10 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE November-2018

*Editorial*



## ജീവിതമരണസമസ്യ

നവംബർ മാസത്തിലെ ആദ്യ ആഴ്ച്ചതന്നെ ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത യാഥാർത്ഥ്യത്തെ സ്മരിച്ചുകൊണ്ടാണ് നാം ആരംഭിക്കുക. ജീവിതവും മരണവും, നദിയും സമുദ്രവും പോലെ ഒന്നാണ് എന്ന ആശയമാണ് ഖലീൽ ജിബ്രാൻ പറഞ്ഞുവെയ്ക്കുന്നത്. നദിയും സമുദ്രവും പ്രത്യക്ഷത്തിൽ രണ്ടു തലങ്ങളിലാണെങ്കിലും ആത്യന്തികമായും സത്താപരമായും ഒന്നുതന്നെയാണ്. ഇതുകൊണ്ടാണ് അദ്ദേഹം ജീവിതവും മരണവും ഒന്നാണെന്ന സമഗ്ര വീക്ഷണം മുറുകെപ്പിടിക്കുന്നത്.

നല്ല ജീവിതത്തിനു മാത്രമേ നല്ല മരണത്തിനെ പുൽകാൻ സാധിക്കുകയുള്ളൂ. വളരെ വിശാലമായ ഒരർത്ഥത്തിൽ നല്ല മരണത്തിലേയ്ക്കുള്ള ഒരു തീർത്ഥയാത്രയാണ് ജീവിതം. തീർച്ചയായും ഇതൊരു നിഷേധാത്മക നിഷ്ക്രിയതയിലേയ്ക്കുള്ള എടുത്തുചാട്ടം അല്ല മറിച്ച്, ആനന്ദത്തോടെ ജീവിതയാത്രയുടെ നഭസിലേയ്ക്ക് പറന്ന് ഉയരാനുള്ള ഒരാഹ്വാനമാണ്.

ജീവിതം നമ്മുടേയും മറ്റുള്ളവരുടേയും നന്മയ്ക്ക് ഉതകും വിധത്തിൽ ക്രമീകരിക്കുമ്പോഴാണ് ജീവിതവും മരണവും ഒരു പോലെ സുന്ദരവും വിശിഷ്ടവും ആയിത്തീരുന്നത്. അതിനുള്ള ക്ഷണമാണ് നവംബർ മാസം നമുക്കേവർക്കും നൽകുന്നത്. ജീവിതമരണങ്ങളെ ദ്വന്ദവത്കരിക്കാതെ ദർശിച്ചുകൊണ്ട് സംതൃപ്തിയോടെ ജീവിക്കാനും, ഈലോക ജീവതത്തിന് പരിസമാപ്തി കുറിക്കാനും നമുക്കേവർക്കും സാധിക്കട്ടെ.

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ



*ആദരാഞ്ജലികൾ*

**ശ്രീമതി അലീന റാഫേൽ**
അനസ്തേഷ്യ വിഭാഗം



## ഫോക്കസ് – ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന പരിപാടി

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷം തോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് നടന്നു. 12 വർഷമായി നടക്കുന്ന പരിപാടി ഇന്ത്യയിലെ തന്നെ സമാനപരിപാടികളുടെ ഒന്നാം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു. കാശ്മീർ മുതൽ ഏതാണ്ട് അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ പഞ്ചദിന പരിപാടി നടത്തുന്നത് ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവർ നേതൃത്വം നൽകുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്.

മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടുകയും വിദ്യഭ്യാസം യാന്ത്രികമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും പഠനനിലവാരം താഴുന്നുവോ എന്ന ആശങ്ക പരക്കെ നിലനിൽക്കുന്നുണ്ട്. അഖിലേന്ത്യാതലത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ഒരുമിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കാനുള്ള ഒരു അവസരം ഉണ്ടാക്കുക എന്ന ആശയത്തിൽ നിന്നാണ് ഫോക്കസിന്റെ പിറവി. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരക്കുന്ന ഈ ശിൽപശാല രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു. സാധാരണ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ഇത് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നത് പുതുതലമുറയെ ശരിയായ രീതിയിൽ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കാണിക്കുന്നത്. യഥാർത്ഥ പരീക്ഷാരീതിപോലെ കേസ് അവതരിപ്പിക്കാനും സംവാദത്തിനും വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്യും. പരിപാടി തൃശ്ശൂർ സബ് കളക്റ്റർ ശ്രീമതി രേണുരാജ് ഉദ്ഘാടനം ചെയ്തു.

# സംയുക്ത ഗവേഷണ പദ്ധതികൾ

ചെറുതുരുത്തിയിലെ ജ്യോതി എഞ്ചിനിയറിങ്ങ് കോളേജും, ജൂബിലി മിഷൻ മെഡിക്കൽ കോളേജും സംയുക്തമായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഗവേഷണ പദ്ധതികളെക്കുറിച്ചുള്ള ശിൽപ്പശാല സെപ്റ്റംബർ 16-ന് ഗവേഷണവിഭാഗത്തിൽ സംഘടിപ്പിച്ചു. ജൂബിലിയിൽ നിന്ന് 20 പേരും, ജ്യോതി എഞ്ചിനിയറിങ്ങ് കോളേജിൽ നിന്ന് 10 പേരും ചർച്ചകളിൽ പങ്കെടുത്തു. ഏഴ് ഗവേഷണ പദ്ധതികൾ തിരഞ്ഞെടുക്കുകയും തുടർ നടപടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. സി. വി. ആൻഡ്രൂസ്, ഡോ. ഡി.എം. വാസുദേവൻ എന്നിവർ ജൂബിലിയിൽ നിന്നും ഡോ.ഫാദർ. ജോർജ് ആത്തപ്പിള്ളി, ഡോ. എം. ബാലഗോപാലൻ, ഡോ. അനിത ജേക്കബ് എന്നിവർ ജ്യോതി എഞ്ചിനിയറിങ്ങ് കോളേജിൽ നിന്നും ചർച്ചകളിൽ പങ്കെടുത്തു.

എവലൂഷനറി മെഡിസിൻ എന്ന നൂതന ശാസ്ത്രശാഖയെക്കുറിച്ച് ജർമനിയിലെ കീൽ (Kiel) യൂണിവേഴ്സിറ്റിയിലെ എം.എസ്. വിദ്യാർത്ഥിയായ രാഹുൽ ഗോവിന്ദനുണ്ണി സെപ്റ്റംബർ 6-ന് ന്യൂ സി.സി.എം. ഹാളിൽ പ്രഭാഷണം നടത്തി. മനുഷ്യരും രോഗാണുക്കളും ഒരേസമയം പരിണാമ വികാസം നടത്തുന്നു എന്നും അത് ഫലപ്രദമായി ഉപയോഗിച്ചാൽ ആധുനിക ചികിത്സാരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്താമെന്നും അദ്ദേഹം വിവരിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ ഡോ. പ്രവീൺ ലാൽ കുറ്റിച്ചിറ, ഡോ. ജെറി ഈരാളി, ഡോ. ചിത്ര വത്സൻ, ഡോ. സെബാസ്റ്റ്യൻ വലിയവീടൻ തുടങ്ങിയവർ പങ്കെടുത്തു.

ഗവേഷണകേന്ദ്രം നേതൃത്വം നൽകിയ പരിപാടിയിൽ ഡോ. അലക്സ് ജോർജ് സ്വാഗതവും, ഡോ. പി. ആർ വർഗ്ഗീസ് നന്ദിയും പറഞ്ഞു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടിജോ മുല്ലക്കര ജൂബിലിയുടെ ഉപഹാരം സമ്മാനിച്ചു.

# റിസേർച്ച് തീസീസ് അവതരണം

ഈ വർഷത്തെ തീസീസ് അവതരണം, പ്രീ സബ്മിഷൻ സി.സി.എം ഹാളിൽ നടന്നു. വിദ്യാർത്ഥികൾ ജൂറിയുടെ മുമ്പിൽ തീസീസ് അവതരിപ്പിച്ചു. ജൂറിയിൽ ഡോ. അജിത്ത് ടി. എ. (പ്രൊഫസർ ബയോകെമിസ്ട്രി, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഡോ. മനുരാജ് (പ്രൊഫസർ ആന്റ് സീനിയർ കൺസൾട്ടന്റ്, ഡിവിഷൻ ഓഫ് പീഡിയാട്രിക് കാർഡിയോളജി ആന്റ് പബ്ലിക്ക് ഹെൽത്ത് റിസേർച്ച്) എന്നിവരായിരുന്നു. സ്ഥിതി വിവരകണക്കുകൾ സൂക്ഷ്മമായി വിശകലനം ചെയ്തു. വിദ്യാർത്ഥികൾക്ക് അവതരണം ഉപകാരപ്രദമായ ഉൾക്കാഴ്ച്ച നേടികൊടുക്കാൻ സഹായകരമായിരുന്നു.

# അഭിനന്ദനങ്ങൾ...




**എമേർജിങ് ബ്രെയിൻ ക്വിസ് 2018 മത്സരത്തിൽ ന്യൂറോളജി വിഭാഗത്തിലെ DM വിദ്യാർത്ഥികൾ ഡോ. നീന ബേബി, ഡോ. മരിയ ആൻ പൂവത്തിങ്കൽ എന്നിവർ രണ്ടാം സ്ഥാനം നേടി.**




2018 ജനുവരി മുതൽ ആഗസ്റ്റ് വരെ 23 രക്തദാനക്യാമ്പുകൾ സംഘടിപ്പിച്ച ജൂബിലി ബ്ലഡ് ബാങ്കിനു കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ ആദരിച്ചു.




ജൂബിലിയുടെ ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓൾ കേരളാ ന്യൂറോളജി ക്വിസ് മത്സരം ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് നടത്തി.

സേവ് തൃശൂരിന്റെ ഭാഗമായി ജൂബിലി മിഷനാശുപത്രി മൊബൈൽ ക്ലിനിക് നടത്തി. കാഞ്ഞാണി, വാടാനപ്പിള്ളി, കാരമുക്ക്, ഈസ്റ്റ് മണലൂർ, വെസ്റ്റ് മണലൂർ, അരിമ്പൂർ, എറവ്, മനക്കൊടി എന്നിവിടങ്ങളിൽ മൊബൈൽ ക്ലിനിക്കും പാവറട്ടിയിൽ മെഗാക്യാമ്പും ആണ് നടത്തിയത്. 704 പേർ സേവനം ഉപയോഗിച്ചു.









## ജേർണൽ ക്ലബ്ബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള മുപ്പത്തിരണ്ടാമത് ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് ന്യൂ സി.സി.എം. ഹാളിൽ നടന്നു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് വിദ്യാർത്ഥിയായ മിസ്റ്റർ സനീഷ് പ്രസാദ് ജോസ് ആണ് പ്രബന്ധം അവതരിപ്പിച്ചത്.

ജനിതക ഘടകങ്ങളായ ന്യൂക്ലിയോ ടൈഡുകളിൽ വരുന്ന നേരിയ മാറ്റങ്ങൾ (Single Nucleotide polymorphism) ചികിത്സയുടെ പുരോഗതിയെ നിർണ്ണയിക്കുന്ന ഘടകങ്ങളായി തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്.

ADRB2 ജീനുകൾക്ക് വരുന്ന മാറ്റങ്ങൾ COPD രോഗത്തിന് കാരണമായേക്കുമെന്ന ചൈനയിൽ നിന്നുള്ള പഠനമാണ് സനീഷ് പ്രസാദ് ജോസ് അവതരിപ്പിച്ചത്. മൈസൂരിലെ JSS യൂണിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ. സനീഷ് പൾമണറി വിഭാഗം മേധാവി ഡോ. സുപ്രിയയുടേയും, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിലെ ഡോ. അലക്സ് ജോർജ്ജിന്റേയും കീഴിലാണ് ഗവേഷണം നടത്തുന്നത്.

## ബ്രഡ്ഡ് വട

**കലോറി –** 152 kcal, പ്രോട്ടീൻ – 2 ഗ്രാം, ഡയറ്ററി ഫൈബർ – 2 ഗ്രാം

**ചേരുവകൾ : –** 1. ബ്രഡ്ഡ് – 4 കഷ്ണം, 2. കാരറ്റ് ഗ്രേറ്റ് ചെയ്തത് (വലുത്)– 1, 3. സാവാള അരിഞ്ഞത് – 1, 4. പുതിനയില/മല്ലിയില – 2 നുള്ള്, 5. പച്ചമുളക് ചെറുതായി അരിഞ്ഞത് – ആവശ്യത്തിന്, 6. വറ്റൽമുളക് – 2 എണ്ണം, 7. ഗരം മസാല – ½ ടീസ്പൂൺ, 8. ഇഞ്ചി ചതച്ചത് – ½ ടീസ്പൂൺ, 9. ജീരകപ്പൊടി – ¼ ടീസ്പൂൺ, 10. ഉപ്പ് – ആവശ്യത്തിന്, 11. കപ്പലണ്ടി പൊടിച്ചത് – 10 എണ്ണം, 12. എണ്ണ – ആവശ്യത്തിന്, 13. വെള്ളം – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം: –** 1. ബ്രഡ്ഡ് ചെറിയ കഷ്ണങ്ങളാക്കി വയ്ക്കുക. 2. ഇതിലേക്ക് രണ്ട് മുതൽ 11 വരെയുള്ള ചേരുവകൾ ചേർത്ത് അൽപം വെള്ളമൊഴിച്ച് കുഴയ്ക്കുക., 3. 2 ടേബിൾ സ്പൂൺ അരിപ്പൊടി ചേർത്ത് ഈ മിശ്രിതം വട രൂപത്തിലാക്കുക., (ഈ അളവനുസരിച്ച് ഇത്തരത്തിൽ 4 വടകൾ ഉണ്ടാക്കിയെടുക്കാം.), 4. ഒരു പാനിൽ എണ്ണ ചൂടാക്കി വടകൾ അതിലിട്ട് വറുത്തെടുക്കുക., 5. ടുമാറ്റോ സോസ് ചേർത്ത് ചൂടോടെ കഴിക്കാവുന്നതാണ്.

**ഡയറ്ററി & ന്യൂട്രീഷ്യൻ വിഭാഗം**

## അഭിനന്ദനങ്ങൾ...



സ്റ്റുഡന്റ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് നഴ്സിങ്ങിൽ നടന്ന കലോത്സവത്തിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.



തൂങ്കുഴി ബ്ലോക്കിലെ "കിഡ്സ് ക്ലബ്ബ്" അംഗങ്ങൾ പ്രളയ ദുരിതാശ്വാസത്തിലേക്കു തുക സമാഹരിച്ചു, ഡയറക്ടർ അച്ചൻ ഫ്രാൻസിസ് പള്ളിക്കുന്നത്തിനു കൈമാറി.

## Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. MARIA VETTITHANAM | SENIOR RESIDENT, General Surgery |
| 2 | Dr. DELINA DEVIS | JR RESIDENT, Emergency Medicine |
| 3 | Dr. SANITH K R | JR RESIDENT, Pulmonology |
| 4 | Dr. POOJA KRISHNAN | TUTOR, MC Anatomy |
| 5 | Dr. KEVIN REJI | DM STUDENT, Neurology |
| 6 | Dr. ANKUR KAUSHIK | DM STUDENT, Cardiology |
| 7 | Dr. ROHITH P S | DM STUDENT, Neurology |
| 8 | LAILA JOSEPH | ATTENDANT |
| 9 | JYOTHILAKSHMI N M | HBOT WOUND CARE TECHNICIAN |

### AYURVEDA THERAPIST

10 SANTHI P T | 11 AJITH SANKAR P A

### PHARMACIST

12 LIYA DAVIS | 13 LARIYA RAPHEAL
14 JILCY P W | 15 SARISHA KELVIN
16 SNEHA DEVASSYA | 17 SEENA SIMON

### CANTEEN

18 VISHNU T S — COOK
19 SREEHARI K R | 20 SREEJITH V P
21 SUDHAKARAN C

### NURSING

22 Sr. ANJALY — STAFF NURSE
23 Sr. LIONA — STAFF NURSE TRAINEE

| | | |
|---|---|---|
| 24 ALBY K PAUL | 25 ANJU FRANCIS | 26 FINIYA FRANCIS |
| 27 NIMY WILSON | 28 SHEEBA C J | 29 STIMY VINCENT V |
| 30 SHAIBY C J | 31 RINU PAULSON | 32 JESMI JAMES |
| 33 JILY GEORGE | 34 HENCY T H | 35 ANCY C D |
| 36 SONA ANTO | 37 NICY MATHEW | 38 SAYANA SUNNY |
| 39 SANTHY ALEX | 40 MERIN ROSE P V | 41 SREEJA CHANDRAN |
| 42 LINCY P L | 43 NIMITHA JOY | 44 JOSIYA JOSE |
| 45 MARIYA DAVIS P | 46 NAVYA ANTO | 47 ANCY P O |
| 48 FIMI P V | | |

# Hearty Congrats - PG RANK HOLDERS 2018

## FIRST RANK



Dr. Salini A.
MS ENT



Dr. Minu Sasikumar
MS Ophthalmology



Dr. Kassyap C.K.
MD Em.Medicine



Dr. Divya Venugopal
MD Imm. Hem & T.M.

## SECOND RANK



Dr. Lekshmi Sudev
MD Imm. Hem & T.M.



Dr. Keerthi S.
MD Microbiology



Dr. Megha A. P.
MD Psychiatry

## THIRD RANK



Dr. Deepthi K.
MS, OBG



Dr. Sanjan A.
MD, Em. Medicine

# Hearty Congrats

## MEDICAL SUPERSPECIALTY EXAMINATION (JULY 2018)

### SECOND RANK



Dr. Sangeetha Joseph
DM, Neurology

### FOURTH RANK



Dr. Dinesh Kumar
DM, Neurology

# അഭിനന്ദനങ്ങൾ...




യു. കെ. ഗ്ലാസ്ഗോയിൽ നടന്ന യൂറോപ്യൻ സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ (EUSEM 2018 ) അന്താരാഷ്ട്ര കോൺഫറൻസിൽ സ്പീക്കർ & മോഡറേറ്റർ ആയി എമർജൻസി മെഡിസിനിലെ അസി. പ്രൊഫസർ ഡോ. വിമൽ കൃഷ്ണൻ ക്ഷണിക്കപ്പെട്ടു.



# ആയുർവ്വേദം കാലാതീതം 30



ചെവിയുടെ ബാലൻസ് തകരാറുമൂലം ജോലിക്ക് പോകാൻ പോലും പറ്റാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ചെവിക്കകത്ത് ഉണ്ടാകുന്ന നീർകെട്ടാണ് ഈ രോഗത്തിന്റെ അടിസ്ഥാനം. ആയുർവ്വേദ ചികിത്സകൊണ്ട് വളരെയധികം ഗുണം ലഭിക്കുന്ന രോഗമാണ് ഇത്. ചെവിയിലെ നീർക്കെട്ട് മാറ്റുന്ന ധാരാളം മരുന്നുകൾ ആയുർവ്വേദത്തിൽ ഉണ്ട്. കൂടാതെ ഗുഗ്ഗുലു പോലെയുള്ളവയുടെ പുക ചെവിയിൽ കൊള്ളുന്നത് ചെവിയിലെ നീർക്കെട്ട് പരിഹരിക്കുന്നതിന് വളരെയധികം ഗുണം ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള തലകറക്കം ഉള്ളവർ തലയിൽ ഒരിക്കലും എണ്ണ തേയ്ക്കരുത്. രോഗത്തിന്റെ തീവ്രത കുറയുന്നതുവരെ തല കുളിക്കാതിരിക്കുന്നതാണ് നല്ലത്. Otitio Media എന്ന ചെവിയിൽ നിന്നും പഴുപ്പ് വരുന്ന അവസ്ഥയിൽ ഗുളൂച്യാദി പോലെയുള്ള മരുന്നുകൾ വളരെയധികം ഫലം ചെയ്യുന്നതാണ്. സർജറി നിർദ്ദേശിച്ച അനേകം രോഗികളിൽ ഇത്തരം മരുന്നുകൾ കൊണ്ടും ഗുഗഗുലുവിന്റെ പുക കൊള്ളുന്നതുകൊണ്ടും രോഗശമനം ഉണ്ടായിട്ടുണ്ട്. അഡിനോയിഡിന്റെ രോഗാവസ്ഥയിൽ ചിരുവില്വാദി എന്ന മരുന്നിനാണ് കൂടുതൽ ഗുണം ലഭിക്കാറ്. പഴുപ്പില്ലാത്ത അവസ്ഥയിൽ ക്ഷീരബല (101) എന്ന മരുന്ന് ചെവിയിൽ രണ്ടുതുള്ളി ഒറ്റിക്കുന്നത് കേൾവിശക്തി വർദ്ധിപ്പിച്ചതായി കണ്ടിട്ടുണ്ട്. ചെവിക്ക് രോഗമുള്ളവർ തൈര്, ബേക്കറി പലഹാരങ്ങൾ, കൊഴുപ്പുള്ള ഭക്ഷണങ്ങൾ, തലയിൽ എണ്ണയുടെ ഉപയോഗം എന്നിവ ഉപേക്ഷിക്കണം.

ഡോ. അനുമോദ് കാക്കശ്ശേരി (എം. ഡി. ആയുർവ്വേദം).
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board

Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu | Ms. Vineetha